## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2745

**19.07.2011- ൽ മറുപടിക്ക്**

# ഭവനരഹിതർക്ക് സഹായം നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ:<br>ശ്രീമതി. കെ. കെ. ലതിക:<br>ശ്രീ. റ്റി. വി. രാജേഷ്:<br>,, എസ്. രാജേന്ദ്രൻ: | | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായവരുടെ ഏറ്റവും ഒടുവിലത്തെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇതിൽ ഭൂമിയുള്ള ഭവനരഹിതർ എത്ര; ഭൂമിയില്ലാത്ത ഭവനരഹിതർ എത്ര; | (എ) | ഇത് സംബന്ധിച്ച കണക്ക് ലഭ്യമല്ല. |
| (ബി) | ഭവനരഹിതർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന സ്കീം ഏതെല്ലാം വകുപ്പുകൾവഴി ഇപ്പോൾ നടപ്പാക്കുന്നുണ്ട്; ഓരോ വകുപ്പും നൽകുന്ന സഹായ തുകയുടെ നിരക്കും അനുവദിക്കാവുന്ന ഭവനങ്ങളുടെ എണ്ണവും വെളിപ്പെടുത്തുമോ; | (ബി) | ഭവന നിർമ്മാണ വകുപ്പ്, ഫിഷറീസ് വകുപ്പ്, പട്ടിക ജാതി ക്ഷേമ വകുപ്പ്, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, സൈനിക ക്ഷേമ വകുപ്പ് എന്നീ വകുപ്പുകൾ വഴി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്.<br>സഹായ തുകയുടെ നിരക്കും അനുവദിക്കാവുന്ന ഭവനങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. |
| (സി) | ഏതു പദ്ധതിപ്രകാരം വീടുവച്ചാലും വീട് നിർമ്മാണത്തിനുള്ള സാമഗ്രികളുടെയും, കൂലിയുടെയും മറ്റും നിരക്കും ഒന്നാണെന്നിരിക്കെ, സംസ്ഥാനത്തെ ഓരോ വകുപ്പും വീട് നിർമ്മാണത്തിന് നൽകുന്ന സഹായതുക വ്യത്യസ്ഥമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | എല്ലാ വകുപ്പുകളിലും ഏകോപിപ്പിച്ച നിരക്കിൽ ഭവന നിർമ്മാണത്തിനുള്ള സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പദ്ധതികളാകയാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ച ശേഷം മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ